പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 924 04.03.2020-ൽ മറുപടിയ്ക്ക്

## കൈവല്യ വായ്പ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ബഷീർ | ടി. പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തെ ഭിന്നശേഷിക്കാർക്ക സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി നടപ്പിലാക്കിവരുന്ന കൈവല്യ വായ്പ പദ്ധതി പ്രകാരം എത്രപേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(എ) കൈവല്യ വായ്പ പദ്ധതി പ്രകാരം നാളിതുവരെ 1117 പേർക്ക് ചുവടെ ചേർക്കും പ്രകാരം വായ്പ അനുവദിച്ചിട്ടുണ്ട്.

| സാമ്പത്തിക വർഷം | വായ്പ അനുവദിച്ചവരുടെ എണ്ണം |
|---|---|
| 2016-2017 | 307 |
| 2017-2018 | 170 |
| 2018-2019 | 220 |
| 2019-2020 | 420 |

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ ഏറനാട് മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; അതിൽ എത്ര അപേക്ഷകളിൽ വായ്പ അനുവദിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഏറനാട് നിയമസഭാ മണ്ഡലത്തിന്റെ പരിധിയിൽ നിന്നും നാളിതുവരെ 56 അപേക്ഷകൾ ലഭിച്ചതിൽ ആർക്കും വായ്പ അനുവദിച്ചിട്ടില്ല. എന്നാൽ ഏറനാട് താലൂക്കിൽ നിന്നും മേൽ പറഞ്ഞ 56 അപേക്ഷകൾ ഉൾപ്പെടെ 134 അപേക്ഷകൾ ലഭിച്ചിട്ടുള്ളതിൽ 12 പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്. ലഭിക്കുന്ന അപേക്ഷകളുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഫണ്ട് ലഭ്യതയ്ക്കനുസൃതമായാണ് വായ്പ അനുവദിക്കുന്നത്.

(സി) പ്രസ്തുത വായ്പ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

(സി) കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ള, 21-നും 55-നും മദ്ധ്യേ പ്രായമുള്ള ഭിന്നശേഷിക്കാർക്ക് കൈവല്യ പദ്ധതി പ്രകാരമുള്ള വായ്പയ്ക്ക് അപേക്ഷിക്കാം. അപേക്ഷകരുടെ കുടുംബ വാർഷിക

വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാൻ പാടില്ലാത്തതാണ്. സംരംഭം സ്വന്തമായി നടത്താൻ കഴിയാത്തത്ര അംഗവൈകല്യമുള്ള പക്ഷം അടുത്ത ഒരു ബന്ധുവിനെ കൂടി (മാതാവ്/പിതാവ്/ഭർത്താവ്/ഭാര്യ/മകൻ/മകൾ തുടങ്ങിയ) ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതാണ്. വ്യക്തിഗത സംരംഭങ്ങൾക്കാണ് വായ്പ നല്കുന്നതെങ്കിലും പ്രയോഗികമാവുമെങ്കിൽ സംയുക്ത സംരംഭവും ആരംഭിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ